HON'BLE MR. K. R. ELANKATH : (എ) ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിലേക്കാവശ്യമുള്ള നടപടികൾ എടുത്തിട്ടുണ്ട്. ആ റോഡു വെട്ടുന്നതിന് ആദ്യത്തെ ഒരു മൈലിന് പതിനായിരം രൂപയും അതിനുശേഷം എഴുപത്തയ്യായിരം രൂപയും ചിലവാകുമെന്നുള്ള ഒരു എസ്റ്റിമേറും തയ്യാറാക്കിട്ടുണ്ട്.

ഇത്തിപ്പുഴ പാലം.

* 69. MR. V. MADHAVAN : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തിന്റെ ചാർജ്ജുവഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

(എ) വൈക്കം താലൂക്കിൽ ഇത്തിപ്പുഴ പാലം പോയതുമൂലം ഗതാഗതത്തിനു തടസ്സമുണ്ടായിട്ടുള്ള വിവരം ഗവണ്മെൻറിന് അറിയാമോ?

(ബി) പ്രസ്തുതപാലം പണിയുന്നതിനു വല്ല നടപടിയും തുടങ്ങിയിട്ടുണ്ടോ?

HON'BLE MR. K. R. ELANKATH : (എ) ഗവണ്മെൻറിനറിയാം. ഗതാഗതസൗകര്യത്തിനുവേണ്ടി വള്ളവും ചങ്ങാടവും ഏർപ്പാടുചെയ്തിട്ടുണ്ട്.

(ബി) ആ പാലം പണിയുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ഏറുമാന്തർ റോഡിൽ നിന്നും തുരുവേലിക്കുന്നിനു സമീപം ചെന്നു മുട്ടുന്ന വഴി.

* 70. MR. V. MADHAVAN : താഴെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രി സദയം മറുപടി നൽകുമോ?

(എ) വൈക്കം ഉദയനാപുരം റോഡിൽ നിന്നും വൈക്കം ഏറുമാന്തർ റോഡിൽ തുരുവേലിക്കുന്നിനു സമീപം ചെന്നുമുട്ടുന്ന ഒരു വഴി മുൻപുണ്ടായിരുന്നോ?

(ബി) ആ വഴിയുടെ പല ഭാഗങ്ങളും ഇപ്പോൾ കാണാനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly